**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 572** **05-10-2021 - ൽ മറുപടിയ്ക്ക്**

**സഹകരണ സ്പിന്നിംഗ് മില്ലുകളിൽ സെക്ഷൻ 80 നടപ്പാക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | വ്യവസായ വകുപ്പിനു കീഴിലുള്ള സഹകരണ സ്പിന്നിംഗ് മില്ലുകളിൽ സെക്ഷൻ 80 നടപ്പിലാക്കാൻ വ്യവസ്ഥ ചെയ്യുന്ന 29/02/2016-ലെ ജി.ഒ(ആർ.ടി ) 226/2016/വ്യവ. നമ്പർ ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതുവരെ അപ്രകാരമുള്ള ശമ്പള വ്യവസ്ഥ, സ്റ്റാഫ് പാറ്റേൺ, പ്രമോഷൻ ചാനൽ എന്നിവ നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | ഇല്ല. സഹകരണ സ്പിന്നിംഗ് മില്ലുകൾ എല്ലാം തന്നെ നഷ്ടത്തിലായതിനാലും തുടർ പ്രവർത്തനത്തിനുള്ള സാമ്പത്തിക സഹായത്തിന് സർക്കാരിനെ ആശ്രയിക്കുന്ന സാഹചര്യത്തിലും സെക്ഷൻ 80 നടപ്പിൽ വരുത്തിയാൽ സർക്കാരിന് വൻ സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുമെന്നതിനാൽ ഈ വിഷയത്തിന്മേൽ നയപരമായ തീരുമാനമെടുക്കുന്നതിനായി, ശമ്പളസ്കെയിൽ നിശ്ചയിക്കേണ്ട തസ്തികകളിലെ ജോലി സ്വഭാവവും ഉത്തരവാദിത്തങ്ങളും സർക്കാർ വകുപ്പുകളിലെ സമാന തസ്തികകളുടെ ശമ്പളസ്കെയിലുകൾ സംബന്ധിച്ച വിശദാംശ ങ്ങളും സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുവാൻ കൈത്തറി ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത വിഷയം പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | 2016 ഫെബ്രുവരിക്ക് ശേഷം ഏതെല്ലാം സഹകരണ സ്പിന്നിംഗ് മില്ലുകളിലാണ് ഓഫീസേഴ്സ്, സ്റ്റാഫ് കാറ്റഗറിയിലുള്ള ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചത് എന്നത് വ്യക്തമാക്കുമോ; | (ബി) | 2016 ഫെബ്രുവരിക്ക് ശേഷം ഓഫീസേഴ്സ്, സ്റ്റാഫ് കാറ്റഗറിയിലുള്ള ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചിട്ടില്ല. ഇടക്കാലാശ്വാസം നൽകിയിട്ടുണ്ട്. |
| (സി) | ശമ്പള പരിഷ്കരിക്കരണവുമായി ബന്ധപ്പെട്ട മില്ലുകളുടെ ഉത്തരവുകൾ, ഭരണ സമിതി തീരുമാനങ്ങളുടെ പൂർണ്ണരൂപം എന്നിവ ലഭ്യമാക്കുമോ? | (സി) | വ്യവസായ വകുപ്പിനു കീഴിലുള്ള സഹകരണ സ്പിന്നിംഗ് മില്ലുകളിൽ ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ